# Malayala Manorama

# 11 August 2018

# Manimangalam : Heavy Rain , Relief activites



മഞ്ഞപ്ര കുഴിയംപാടത്തെ വ്യവസായ സ്ഥാപനങ്ങളിൽ വെള്ളപ്പൊക്കത്തിൽ കുടുങ്ങിയ ഇതരസംസ്ഥാന തൊഴിലാളികളെ പരിസരത്തെ ചെറുപ്പക്കാർ ടയറിന്റെ ട്യൂബുകൾ ഉപയോഗിച്ചു രക്ഷപ്പെടുത്തുന്നു.

## വെള്ളക്കെട്ടിൽ രക്ഷയായി ടയർ ട്യൂബുകൾ

**വെള്ളക്കെട്ടിൽ അകപ്പെട്ട ഇതര സംസ്ഥാനക്കാരായ തൊഴിലാളികളെ രക്ഷപ്പെടുത്തിയത് ടയർ ട്യൂബ് ഉപയോഗിച്ച്**

മാണിക്യമംഗലം ● മഞ്ഞപ്ര കുഴിയംപാടത്ത് വെള്ളക്കെട്ടിൽ അകപ്പെട്ട വ്യവസായ സ്ഥാപനങ്ങളിലെ ഇതര സംസ്ഥാനക്കാരായ തൊഴിലാളികളെ പരിസരവാസികളായ ചെറുപ്പക്കാർ രക്ഷപ്പെടുത്തി.

അഞ്ചു മെറ്റൽ ക്രഷറുകളും രണ്ടു ഹോളോബ്രിക്സ് കമ്പനികളും താറാവ് വളർത്തൽ കേന്ദ്രവും കുഴിയംപാടത്തുണ്ട്. ഇവിടെ മുപ്പതോളം ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നു. ഒഡീഷ, ബംഗാൾ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണു കൂടുതൽ. ഇതിനു പുറമെ, ലോഡ് കൊണ്ടുപോകുന്നതിനു ദൂരെ സ്ഥലങ്ങളിൽനിന്നു വരുന്നവർ താമസിക്കുന്നുണ്ട്.

ഈ സ്ഥാപനങ്ങളുടെ ചുറ്റും വെള്ളമായിരുന്നു. ഇവിടെനിന്നു പുറത്തു പോകാൻ പറ്റാത്ത അവസ്ഥയായിരുന്നു. ടയർ ട്യൂബുകൾ എടുത്താണു ചെറുപ്പക്കാർ ഇതര സംസ്ഥാനക്കാരെ പുറത്തെത്തിച്ചത്. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ ഇവിടത്തെ മെറ്റൽ ക്രഷറുകൾക്കെതിരെ പരാതികൾ ഉണ്ട്.

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടന്ന അതിക്രമങ്ങള തുടർന്ന് ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്കെതിരെയും പൊതുവേ രോഷം ഉയർന്നിരുന്നു. എന്നാൽ വെള്ളപ്പൊക്കത്തിലെ രക്ഷാപ്രവർത്തനത്തിന് ഇതൊന്നും തടസ്സമായില്ല. വ്യവസായ സ്ഥാപനങ്ങളിൽ വെള്ളപ്പൊക്കത്തെ നേരിടാനുള്ള സുരക്ഷാ സംവിധാനങ്ങളില്ല. പെരിയാറിന്റെ കൈവഴിയായ കൊറ്റമം തോട്ടിൽനിന്നു മുക്കടായി തോടു വഴിയാണു കുഴിയംപാടം പാടശേഖരത്തേക്കു വെള്ളമെത്തുന്നത്.

താഴ്ന്ന പ്രദേശമായ ഇവിടെ പെട്ടെന്നു വെള്ളം കയറും. 2013ൽ വെള്ളപ്പൊക്കത്തിൽ റോഡ് മുഴുവനും മുങ്ങിയിരുന്നു.